**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4682** **02-07-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ പഴയ എ.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിൽ കല്ലറ വാട്ടർ സപ്ലൈ സെക്ഷന്റെ കീഴിൽ ചാമവിള മുതൽ നെല്ലിമുക്ക് വരെയും കെ.റ്റി.കുന്ന് മുതൽ പാട്ടറ വരെയുമുള്ള പഴയ എ.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | 24.08.2023-ന് അവാർഡ് ചെയ്യുകയും, 30.09.2023-ന് എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുള്ള പ്രസ്തുത പ്രവൃത്തി ഇത് വരെ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ കാലാവധി എന്നുവരെയാണെന്നും എത്ര തുകയാണ് ഇതിനായി കിഫ്ബി ഫണ്ടിലൂടെ അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 04.09.2024 വരെയാണ് .<br>സാങ്കേതിക അനുമതി തുക- 506.1 ലക്ഷം രൂപ.<br>കിഫ്ബിയുടെ ഫണ്ടിംഗ് അനുമതി തുക (തിരുവനന്തപുരം PH സർക്കിളിനു കീഴിൽ വരുന്ന എല്ലാ റീപ്ലേസ്മെന്റ് പ്രവൃത്തികൾക്കുമായി) – 7786 ലക്ഷം രൂപ. |
| (സി) | പദ്ധതി സമയബന്ധിതമായി ആരംഭിക്കാൻ കഴിയാത്തതുമൂലം കിഫ്ബി ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം താമസംവിനാ ആരംഭിക്കുമെന്നതിനാലും പ്രസ്തുത പൈപ്പ് ലൈൻ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? തിനാൽ? | (സി) | പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട PWD road വിഭാഗം ഉദ്യോഗസ്ഥരുമായും KIIFB യിലെ ഇൻസ്പെക്ടർമാരുമായും പ്രവൃത്തി ചെയ്യുന്ന കരാറുകാരനുമായും ആശയവിനിമയം നടത്തിയിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ ഡി.ഐ പൈപ്പുകൾ എത്രയും വേഗം സപ്ലൈ ചെയ്യാമെന്ന് കരാറുകാരൻ സമ്മതിച്ചിട്ടുണ്ട്. ഇപ്രകാരം പ്രവൃത്തി എത്രയും വേഗം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഒറ്റപ്പാലം മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ**

| സാമ്പത്തിക വർഷം | വർക്സ് ബഡ്ജറ്റ് വാല്യം 2 പ്രകാരം ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക (ലക്ഷത്തിൽ) | നിയോജക മണ്ഡലം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 2020-21 | 189 | അമ്പലപ്പാറ കടമ്പൂർ പനയൂർകാവ് പരിസരത്തു ചെക്ക് ഡാം നിർമ്മാണം | 500 | 100 | ഒറ്റപ്പാലം | പദ്ധതി നടപ്പിലാക്കാനുള്ള സ്ഥലം ലഭ്യമായിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2020-21 | 756 | താമരക്കുളം നവീകരണം | 300 | 60 | ഒറ്റപ്പാലം | പ്രവൃത്തി പൂർത്തീകരിച്ചു. |

Sandhya

**സെക്ഷൻ ഓഫീസർ**